# LITTLE DROPS

**DIGITAL MAGAZINE**
2019-2021




## ST THOMAS G H S PUNNATHURA


സെന്റ് തോമസ് ഗേൾസ് ഹൈസ്കൂൾ
പുന്നത്തുറ
THOMAS GIRLS' HIGH SCHOO
PUNNATHURA

# സന്ദേശം

മീനച്ചിലാറിന്റെ തീരത്ത് പൂന്നത്തുറ ഗ്രാമത്തിന്റെ തിലകക്കുറിയായി വിരാജിക്കുന്ന സെന്റ് തോമസ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിലെ അംഗങ്ങൾ ഒന്നു ചേർന്ന് പ്രവർത്തിച്ച ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കിയതിൽ ഏറെ സന്തോഷത്തോടും അഭിമാനത്തോടും കൂടി ഓരോരുത്തരേയും അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു. ലിറ്റിൽ കൈറ്റ്സിലെ പ്രവർത്തനങ്ങളിലൂടെ നിങ്ങൾ ഭാവിയിൽ വലിയവരാകാൻ ഇടവരട്ടെ. അതിനായി ജഗദീശ്വരനോട് പ്രാർത്ഥക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു

-സ്നേഹപൂർവം

സി. ഓസിയ എസ്.വി.എം



# ആശംസാസന്ദേശം

പഠനത്തിന്റെ ഭാഗമായി പ്രവർത്തിച്ച് വരുന്ന ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങളായ നിങ്ങൾ ഡിജിറ്റൽ മാഗസിൻ നിർമിക്കുന്നതിൽ വളരെ സന്തോഷത്തോടെ അഭിനന്ദിക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെയെല്ലാം കടന്നുപോകുമ്പോൾ കൂടുതൽ അറിവുകൾ നേടുവാനും ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുവാനും നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു .

സ്നേഹപൂർവ്വം

സി. ഐമി

(ഹെഡ്മിസ്ട്രസ്)



# ആശംസ

വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർ പരിജ്ഞാനം വളർത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ്

പദ്ധതി ഈ സ്കൂളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഇത് മൂലം ഹൈടെക് ഉപകരണങ്ങൾ സുരക്ഷിതമായി

കൈകാര്യം ചെയ്യുന്നതിനും,പ്രവർത്തിപ്പിക്കുന്നതിനും കുട്ടികൾ

പ്രാഗത്ഭ്യം നേടി. ക്ലാസ് പഠന പ്രവർത്തനങ്ങളിൽ

അദ്ധ്യാപകരെ സഹായിക്കാനും ഇവർക്ക്സാധിക്കുന്നു. വർത്തമാനകാലത്ത് ജോലി സാധ്യത ഉളവാക്കുന്ന

പ്രോഗ്രാമിംഗ് , ആനിമേഷൻ എന്നീ രംഗങ്ങളിൽ കുട്ടികൾക്ക് അറിവു പകരാനും ലിറ്റിൽ കൈറ്റ്സ് ക്ളബ്ബിന്

സാധിക്കുന്നുണ്ട് . വിദ്യാർത്ഥികൾക്ക് ശോഭനമായൊരു ഭാവി ഉണ്ടാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഈ

സ്കൂളിലെ ഐറ്റി അധിഷ്ഠിത ക്ലബിന്റെ എല്ലാ പ്രവർത്തനങ്ങളും വിജയപ്രദമായി മുമ്പോട്ട് പോകട്ടെ എന്ന്

ആശംസിക്കുന്നു.

-ഷീബ തോമസ്

(കൈറ്റ്മിസ്സ്ട്രസ്സ് )



# ലിറ്റിൽ കൈറ്റ്സ്

# 2019-2021



# എഡിറ്റോറിയൽ ബോർഡ്

# അംഗങ്ങൾ



.ജ്രൂണ തോമസുകുട്ടി

.ജെസ്ലറ്റ് കെ കെ

.അലീനാ എലിസബത്ത് സജി

. എയ്ഞ്ചൽ റോയി

.ആഷ്നാ സജി

.അനീഷ റോയി

.റിയാമോൾ പി.എസ്

.അന്ന മരിയ ഷാജി

# എഡിറ്റോറിയൽ

അന്ന്,

എന്തോ ഒരു  ഉദ്ദേശത്തോടെ  അവൾ  ഉൽഭവിച്ച അക്ഷരങ്ങളായി, വാക്കുകളായി , വാക്യങ്ങളായി അങ്ങനെ ഉറവയായി, അരുവിയായി, തോടായ്,പുഴയായി, കടലായി ആയിരക്കണക്കിന് തിരകളെ തഴുകി തലോടി സൂര്യരശ്മികളുടെ വർണ്ണങ്ങൾ കവർന്നെടുത്ത് നമ്മുടെ മനസ്സിൽ കഥയായി, കടംകഥയായി, കവിതയായി, ആസ്വാദനങ്ങളായി നീലാകാശ നിറമുള്ള കടലമ്മയിൽ ലയിച്ച് സൃഷ്ടികളുടെ പുനർജനിയിൽ തപം ചെയ്തു.

ഇന്ന് സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം വർധിച്ചുവരുകയാണ് .അക്ഷരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറിവരുന്ന ഒരു സാഹചര്യം. പുതുതലമുറയെ സംബന്ധിച്ച് എല്ലാം വ്യത്യസ്തമാണ് അതിനാൽ തന്നെ ക്ലാസ് മുറികൾ എല്ലാം ഹൈടെക്കായിക്കൊണ്ടിരിക്കുന്നു. വികസനത്തിന്റെ ഈ കാലഘട്ടത്തിൽ പുന്നത്തുറ സെന്റ് തോമസ് ലിറ്റിൽ കൈറ്റ്സ് ***2019 - 21*** ബാച്ചിലെ അംഗങ്ങൾ സ്കൂളിലെ കുട്ടികളുടെ സർഗാത്മക ശേഷിയെ  ഡിജിറ്റലൈസ് ചെയ്യാൻ മുന്നോട്ട്

വന്നിരിക്കുകയാണ്. ഈ മാഗസിന്റെ ഉദ്ദേശം എന്ന് പറയുന്നത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങളായ മലയാളം ടൈപ്പിങ്, ജിമ്പ് എഡിറ്റർ എന്നിവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഞങ്ങളുടെ ഈ മാഗസിൻ തയാറാക്കിയിരിക്കുന്നത്.

മൊട്ടായി, ഇതളായി , പൂവായി എല്ലാവർക്കും സുഗന്ധം പരത്തി കടൽത്തിരയെ തഴുകി തലോടി ഏവരുടേയും മനസ്സിൽ കുളിർമയേകാനായി സെന്റ് തോമസ് ജി എച്ച് എസിന്റെ മാഗസിൻ

***"LITTLE DROPS"***ആസ്വാദകരുടെ  മുൻപിൽ സമർപ്പിക്കുന്നു. സാദരം സ്വീകരിച്ചാലും....

സ്നേഹപൂർവ്വം....

എഡിറ്റർ.

# ഉള്ളടക്കം


1 പോള്ളേമുണ്ടൻ............................................................12

2 തേങ്ങൽ....................................................................17

3 സൂര്യമാനസം..............................................................19

4 മഴ.......................................................................... 20

5 കടംകഥ...................................................................21

6 നിൻ പ്രപഞ്ചം............................................................23

7 ചിത്രം......................................................................25

8 സുഹൃത്ത്..................................................................26

9 അമ്മ.........................................................................27

10 വിതുമ്പുന്ന കാർമേഘം................................................28

11 പുലരി.....................................................................29

12 പഴഞ്ചൊല്ലുകൾ..........................................................30

13 പ്രകൃതി സ്നേഹിതൻ...................................................31

14 ഒരു കാറ്റ് വീശുമ്പോൾ...............................................33

15 അവഗണിക്കപ്പെടുന്ന വാർദ്ധക്യം.................................34

16 പ്രളയം.....................................................................36

17 ശബ്ദങ്ങൾ തൻ ലോകം...............................................37

18 ചിത്രം.....................................................................38
19 തെറ്റിനു കിട്ടേണ്ട ശിക്ഷ...........................................40
20 എന്റെ വിദ്യാലയം..................................................42
21 ചന്ദ്രഗ്രഹണം...........................................................43
22 ഉയരങ്ങളിലേക്ക്.......................................................45
23 പ്രകൃതി തന്ന അനുഭവം............................................46
24 പ്രതീക്ഷ..................................................................47
25 ചിത്രം....................................................................48
26 ആകാശത്തിലൂടെ ഒരു സഞ്ചാരം.................................49
27 മഴവില്ല്.................................................................. 51
28 നിലാവ്...................................................................52
29 ചിത്രം....................................................................53
30 കണ്ണീരിൽ നനഞ്ഞ ജീവിതം......................................54
31 കവിത,പരിഷ്ക്കാരം,പ്രകൃതി.......................................55

# പോളേമുണ്ടൻ



**എംലിൻ ടോമി.**

ചിലപ്പോൾ കെട്ടുകഥയായിരിക്കാം അല്ലെങ്കിൽ യാഥാർത്ഥ്യം എന്തായാലും വിശ്വസനീയം . കുട്ടിക്കാലത്തെ കളികൾ ക്കിടയിൽ പലപ്പോഴായി കേട്ട പേര് പോളോമുണ്ടൻ. പിന്നെ അത കുത്തിപൊക്കിയെടുത്തു. പോളോമുണ്ടനെ ക്കറിച്ച് അറിയുവാനുള്ള യാത്രയും അത് കൊണ്ടെത്തിച്ച നിഗൂഢതകളും എല്ലാം കൗതുകമേറിയതായിരുന്നു. ഓരോ ഗ്രാമത്തിനും അതിന്റേതായ പുരാവൃത്തങ്ങൾ പറയുവാനുണ്ട്. അതിലേക്കെത്തി ചേരുക എന്നത് താൽപര്യജനകമാണ്.

പോളേമുണ്ടൻ എന്ന ഭീകരന്റെ കുറ്റകൃത്യങ്ങൾ കേട്ടറി ഞ്ഞപ്പോൾ ഞാൻ ഇത്രയും പ്രതീക്ഷിച്ചില്ല. കേട്ടതറിഞ്ഞതെല്ലാം ഭീതിതമായിരുന്നു. പോളോമുണ്ടനെ ക്കറിച്ച് പഴമക്കാരിൽ നിന്നും അറിയുവാൻ സാധിച്ചു . സംഭവങ്ങൾ തികച്ചും ആകാംക്ഷയും ഉദ്വേഗവും നിറഞ്ഞതായിരുന്നു .

കൊങ്ങാണ്ടൂർ , പുന്നത്തുറ എന്നീ പ്രദേശങ്ങൾ സംയോജിക്കുന്ന പോളയ്ക്കൽപ്പടിയിലുള്ള പോളേപ്പാടത്തും പരിസരങ്ങളിലുമായിരുന്ന പോളോമുണ്ടന്റെ അഴിഞ്ഞാട്ടം. പോളേമുണ്ടനെ ക്കുറിച്ചുള്ള നിഗൂഢതകൾ ഇന്നും തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ രസകരവുമായ ഒരുപാട് അനുഭവങ്ങൾ എനിക്ക് അറിയുവാൻ സാധിച്ചു.

അക്കാലങ്ങളിൽ കൃഷിനാശം പതിവായിരുന്നു.അത് കർഷകർ ക്ക് താങ്ങുന്നതിലും അപ്പുറമായിരുന്നു. ഒരു ദിവസം നിലം ഉഴുതുകൊണ്ടിരുന്ന രണ്ട് എറ് കാളകളും പൂട്ടുകാരും ചതുപ്പിൽ അനന്തതയുടെ ആഴത്തിലേക്ക് താണുപോയി. രാത്രികാലങ്ങളിൽ പോളെപ്പാടത്തിന്റ പടിഞ്ഞാറെ കരയിൽ നിന്നും കിഴക്കേ കരയിലേക്ക് പോളെമുണ്ടൻ തീപ്പന്തം കൊളുത്തി പിടിച്ചുകൊണ്ട് ശുന്യതയിലൂടെ നടന്നു വരുന്നത് കണ്ടിട്ടുള്ളതായി കിഴക്കേകരയിൽ താമസിക്കുന്ന ഒരു വ്യക്തി പറഞ്ഞുകേട്ടിട്ടുണ്ട്.

അതിരാവിലെ നേരം വെളുക്കുന്നതിനു മുൻപ് വിളക്കുമായി വെള്ളം കോരുവാൻ പോയി , തദ്ദേശവാസിയായ വൃദ്ധ സ്ത്രീ പാലത്തടിയിൽ നിന്നും കിണററിൽ വീണത് പോളേമുണ്ടൻ തള്ളി ഇട്ടതാണെന്ന് വീട്ടുകാർ ഇന്നും വിശ്വസിക്കുന്നു.

രാത്രി വൈകി കിടങ്ങൂരിൽ നിന്നും പോളയ്ക്കൽ പടിക്കലേക്കുള്ള യാത്രാ മധ്യേ ഇപ്പോഴത്തേ കുരിശുപള്ളി

സ്ഥിതി ചെയ്യുന്ന തെക്കനാട്ട് പീടികയ്ക്ക് മുൻപിൽ വച്ച് പോളേപാടത്തിന്റെ വടക്കേകരയിൽ താമസമാക്കിയിരുന്ന ഒരു മധ്യവയസ്കന്റെ നേരേ എതിർ ദിശയിൽ നിന്നും വന്ന് ആൾരൂപ ഹസ്തദാനം കൈനിട്ടിയപ്പോൾ കൈപ്പത്തിയുടെ സ്ഥാനത്ത് പോത്തിൻ കുളമ്പ്!അദ്ദേഹം മരിക്കുവോളം ആ സംഭവം ഭയത്തോടെ മറ്റുള്ളവരുമായി പങ്ക് വെയ്ക്കുമായിരുന്നു.

അക്കാലത്ത് പോളേപാടത്തിന്റെ സൗന്ദര്യം ആസ്വദിക്കുവാൻ വന്ന സായിപ്പ് പോളേപ്പാടം എന്ത് വിലകൊടുത്തും സ്വന്തമാക്കണമെന്ന് ഒരു മോഹം.വന്നു കണ്ടു പിറ്റെ ദിവസം തന്നെ പോളേപ്പാടത്തിൻെറ പടിഞ്ഞാറെ അറ്റത്തുള്ള കുളമിക്കണ്ടത്തിൻ അദ്ദേഹത്തിന്റെ ജഡം കാണപ്പെട്ടു.

പോളപ്പാടത്ത പോളച്ചാൻ എന്ന വളരെ വ്യത്യസ്തമായ ഒരു കുളമുണ്ടായിരുന്നു . അതിൽ ധാരാളം വെള്ളവും മീനുകളും ഉണ്ടായിരുന്നു. രണ്ട് വിരിപ്പ് കൃഷി ചെയ്തിരുന്ന പാടത്ത്ആവശ്യമായ വെള്ളം ഈ കുളത്തിൽ നിന്നുമാണ് എടുത്തിരുന്നത്. പെട്ടെന്നൊരു പ്രഭാതത്തിൽ ആ കുളം എല്ലാവർക്കും ഞെട്ടിക്കുന്ന ഓർമകൾ സമ്മാനിച്ചു. അതിലെ മീനുകൾ ചത്ത്പൊങ്ങിയിരിക്കുന്ന ചോരയുടെ മണവും രുചിയും ജലത്തിൽ അനുഭവപെട്ടു . പിന്നീട് ധാരാളം പേർ ജീവിതത്തിലേക്ക് ഒരിക്കലും കരകയറുവാൻ സാധിക്കാത്ത

രീതിയിൽ കാൽ വഴുതി കുളത്തിലേക്ക് വീഴുകയുണ്ടായി. മറ്റൊരു തദ്ദേശവാസിയുടെ പ്രസവിക്കാറായ ആട്ടുമാട്ടുകൾ ചത്തൊടുങ്ങി.

അങ്ങനെ പ്രദേശവാസികൾക്ക് എന്നും ഭീതി പകർത്തികൊണ്ട് പോളേമുണ്ടന്റെ സ്വൈര വിഹാരം തുടർന്നു...

എല്ലായിടത്തും സംസാരവിഷയം പോളേമുണ്ടൻ. നാട്ടുകാർ ഒത്തുകൂടി ആ പ്രദേശങ്ങളിലെ ഏക പള്ളിയായ ഇപ്പോഴത്തെ പുന്നത്തുറ പഴയ പള്ളിയിലെ അക്കാലത്തെ പട്ടക്കാരനായിരുന്ന ജേക്കബ് മാങ്ങാച്ചാലിൽ അച്ചന്റെ അടുത്ത് ആൾക്കാർ സങ്കടം അറിയിച്ചു. ഉഗ്രപ്രതാപിയും പിശാചു പിടുത്തക്കാരനുമായ മാങ്ങാച്ചിൽ അച്ചൻ പ്രശ്നപരിഹാരത്തിനായി തദ്ദശ വാസികളോട് പോളേപ്പാടത്തിന്റെ കരയിൽ കൊങ്ങാണ്ടൂർ- കല്ലിടനടയിൽ വളരെ ഉയർന്ന പീഠത്തിൽ പ്രദേശവാസികൾക്ക് എവിടെ നിന്ന് നോക്കിയാലും കാണുന്ന ഉയരത്തിൽ ഒരു ക്രിസ്തുരാജ രൂപം സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് ജനങ്ങൾ ഉടൻ തന്നെ ക്രിസ്തുരാജരൂപം സ്ഥാപിക്കുകയും ചെയ്തു. അതിനുശേഷം പോളേമുണ്ടനുമായി ബന്ധപ്പെട്ട യാതൊരു വിധ അനിഷ്ടസംഭവങ്ങളും ഉണ്ടായിട്ടില്ല. മാത്രമല്ല ആട്ടുമാട്ടുകൾ ചത്തൊടുങ്ങിയിരുന്ന പുരയിടത്തിന്റെ നാലു മൂലയ്ക്കും കുരിശ്

കൊത്തിയ കല്ല് സ്ഥാപിക്കുകയും ചെയ്തു.അഞ്ചാമത്തെ കുരിശ് കല്ല് വീടിന് മുൻപിൽ കുഴിച്ചിടുകയും ചെയ്തിട്ടുണ്ട്.അങ്ങനെ ആടുമാടുകൾ ചത്തൊടുങ്ങുന്ന പ്രശ്നവും അവസാനിച്ചു.മേൽസ്ഥാപിച്ച ക്രിസ്തുരാജ രൂപം ഇന്നും കല്ലിടനടയിൽ തദ്ദേശവാസികളുടെ സംരക്ഷകനായി തല ഉയർത്തി നിൽക്കുന്നു.പിന്നീട് കൊങ്ങാണ്ടൂർപുന്നത്തുറ ഗ്രാമത്തിൽ കരിമ്പ്,നെല്ല്,മരച്ചീനി,ഇഞ്ചി,മഞ്ഞൾ,കിഴങ്ങ്,ചേന,കാച്ചിൽ തുടങ്ങി കൃഷികൾ സ്വർണ്ണം വിളയിച്ചു.

-

# തേങ്ങൽ



അനീഷ റോയ

എനിക്കറിയില്ല എന്തിനി-
ജീവിതമെന്നെനിക്കറിയില്ല
വേർപാടിൻ തേങ്ങലിലും
തങ്ങിനിൽക്കുമെൻ മനസ്സി-
ലിപ്പോൾ  ആരോരുമില്ല

എനിക്കെന്നുതോന്നുന്ന
തേങ്ങലായ് മനസ്സിൽ ഉൾത്ത-
ടത്തിൽ നീറുന്നമനസ്സേ നീ
അറിയുക ഒരുകാര്യമെപ്പോഴും

എന്നുമുള്ളവർ ഇന്നുണ്ടാകണ-
മെന്നില്ല ആ വേർപിരിയൽ
ഒരുപക്ഷേ നീറ്റലായ് എരിയും
ഒരു നിമിഷം മാത്രം ലഭിക്കുന്ന

സ്നേഹത്തിൽ നമ്മൾ
ആ നിമിഷം അലിഞ്ഞു

ചേരും പിന്നെയൊരു
വേർതിരിവുണ്ടാവുമെപ്പോ-
ഴും അന്നനാമറിയും
മനസ്സിൻ തേങ്ങൽ



# കടംകഥകൾ

1.മുറ്റത്തെ ചെപ്പിനടപ്പില്ല?

കിണർ

2.അച്ഛൻ മുള്ളൻ,അമ്മ മിനുമിനു മോൾ മണിമണി?

ചക്ക

3.അടയ്ക്കും തുറക്കുംമണിമുത്തൻ പത്തായം?

കണ്ണ്

4.അടുക്കളയിലെ അമ്മായി അമ്മ?

പൂച്ച

5.ആനയ്ക്ക് വഴികാണിക്കാൻവെളിച്ചമുണ്ട് ബീഡി കത്തിക്കാൻ തീയില്ല?

ടോർച്ച്


# സൂര്യമാനസം



**അനീഷ കെ ബിനോ**

സിന്ദൂരനിറംപൂശിയ ഒരു വലിയ ഗോളതക്കാളിപ്പഴംപോലെ തോന്നിക്കുന്ന ആ വലിയ ഗോളം കടലിന്റെമറുകരയിൽചുവന്ന്നിറഞ്ഞുനിൽക്കുന്ന ത വ്രമായചിത്രം.ചെമ്പരത്തിതോട്ടംമറുകരമുഴുവൻനിറഞ്ഞുനിൽക്കു ന്നു.ആസ്വദിക്കുമ്പോള്താണുപോകുന്നത്കണ്ടാസ്വദിച്ച്നിൽക്കു ന്നതുപോലെ,സൂര്യരശ്മികളാൽനിറഞ്ഞതിന്റെ സൗന്ദര്യംതന്നെയാണ് ഒരു മനോഹരകാഴ്ച... ചുവന്ന റോസപ്പൂ അതിന്റെ തണ്ടിൽനിന്നുംകടലിനെവേർ-തിരിച്ചെടുത്ത്ആഴങ്ങളിലേക്ക്ആകാശത്തുനിന്നുംഎറിഞ്ഞിടുന്ന തുപോലെയാണ് ആകാഴ്ച അനുഭവവേദ്യമാകുന്നത്. പകുതിമുങ്ങിക്കഴിയുമ്പോൾഅര്ദ്ധവൃത്താ കൃതിയിൽസൂര്യൻ കാണപ്പെടുന്നു.അങ്ങനെപതുക്കെപതുക്കെമുഴുവനുംമുങ്ങി ശൂന്യാകാശം മാത്രംകാണാൻ സാധിക്കുന്നു.ഇത്തരം ഒരു കാഴ്ചയാണ് നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയസമ്മാനം.

# മഴ



**സോന ബിനു**

മാനത്തുനിന്നും പൊട്ടിവിടരും
മഴയേ നിൻ ശോഭിതമാം മു
ഖംകാണാൻ എന്തു ഭംഗി
ഭൂമിയിലേക്ക് പതിക്കും നിന്നെ
ഞാൻ കൺകുളിർക്കേ നോക്കി നിന്നു

നിൻകുളിർമ ഏറ്റുവാങ്ങാൻ
ഞാൻ ഒരുക്കമായ് നീ വരൂ
വേഗമെന്നരികിൽ ചാരെ
കുളിരാലെ വിറയും കുഞ്ഞു-
പുല്ലുപോലും നിൻ വരവേൽ
പിനായ് കാത്തു നിൽപ്പൂ.

വൈകാതെ വേഗം വരുവിൻ

എന്നരികിൽ ഞാൻ നി-

ന്നിൽ കുളിർക്കാൻ ഒരുങ്ങി

നിൽപ്പൂ..................

പുഴയായ് അരുവിയായ്

ആറായ് കടലായ് നീ

ഒഴുകി അലയുന്ന എൻ

കൺമുൻപിലൂടെ

മഴത്തുള്ളിയായ് നീ ഭ്രമിയിൽപതിക്കും

അതൊരു ജലാ-

ശയമായ് അങ്ങു മാറും.



# നിൻ പ്രപഞ്ചം



അന്നാ മരിയ ഷാജി

നിൻ പ്രപഞ്ചം
നിൻ കൈകളിൽ
നീയതിൻ കാര്യസ്ഥൻ
നിൻ കൈകളിൽ
അതിനെ പോറാതെ
നോക്കണം മനുഷ്യരെ നിങ്ങൾ

ഇന്നെൻ പ്രപഞ്ചം
നിറയുന്നു വിഷവാതകത്താൽ
പിന്നെ മാലിന്യത്താൽ
ഇനിയൊരു തലമുറ
വാർത്തെടുക്കുന്ന നല്ല നാളെയ്ക്കായ്

ഓർക്കുക മനുഷ്യരെ

നിങ്ങൾ അതിൻ കാര്യസ്ഥൻ

മാത്രം അതിന് അവകാശപ്പെട്ടവൻ


ഇനിയുമുണ്ട് ജന്തുക്കൾ സസ്യങ്ങൾ

നിൻ പ്രപഞ്ചം തന്നെയല്ല

ഈ ലോകം ദൈവത്തിൻ

കരവസ്തു





# സുഹൃത്ത്



സാന്ദ്ര സുനിൽ

നിൻ അഭാവത്തിൽ ഞാൻ
ഏതോ ഒരു സ്വപ്നത്തിൽ
ലയിച്ചു നിന്നു പോയി
ആ സ്വപനത്തിൽ എൻ ഹൃദയ്ം
നിന്നിലെക്കെത്തി
നീ പൊൻമുത്തണിഞ്ഞെൻ അരികിലെത്തി
മാണിക്കം പോലെ ശോഭിച്ച-
നിൻ പുഞ്ചിരി എന്നെ മയക്കിക്കളഞ്ഞു
എത്ര എത്ര നാൾ നിന്നെ ഞാൻ കാത്തിരുന്നു
ഇന്നു നീ എൻ ഉള്ളിൽ ദീപമായ് വന്നു നിന്നു ......

# അമ്മ

**അനഘ പി.എം**



ലോകത്തിലെ ഏറ്റവും മാധുര്യമേറിയത് , വിശ്വസിക്കാവുന്നത്, ആരുടെ സ്നേഹമാണ് ,കൈകളാണ് എന്ന് എന്നോട് ചോദിച്ചാൽ ഞാൻ പറയും അത് അമ്മയുടേതാണ് ."അമ്മ "ആ രണ്ടക്ഷരങ്ങളിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞുനിൽക്കുന്നു.ഓരോ പ്രതിസന്ധികളെയും തളരാതെ അതിജീവിക്കാനുള്ള കഴിവ് ഓരോ അമ്മമാർക്കും ഉണ്ട് . ഒരമ്മയുടെ സ്നേഹം മറ്റൊന്നിനോടും പകരംവെയ്ക്കാവുന്നതല്ല .എന്നും കുടുംബത്തിന് താങ്ങും തണലുമാണ്അമ്മ.'അമ്മ' ആ അക്ഷരങ്ങളിൽ എന്നും നന്മയുടെ പ്രതീകം നിലനിൽക്കുന്നു. ജീവിതത്തിൽ എന്നും നമ്മുടെ നന്മ മാത്രമേഅമ്മ പ്രതീക്ഷിക്കൂ. ലോകത്തിൽ അമ്മയെക്കാൾ വലിയപോരാളി മറ്റാരുമില്ല. ഈ ജന്മംമുഴുവന്തീര്ന്നാലുംഅമ്മയോടുള്ളകടപ്പാട്തിരില്ല.എന്നുംനമ്മുടെമുന്നിൽഅമ്മ ഒരുദേവതയാണ്മക്കളുടെവിശപ്പടക്കി അമ്മ ജീവിക്കുന്നു.കണ്ണിനുമുന്നിൽ ദൈവമാണ് അമ്മ.

# വിതുമ്പുന്ന കാർമേഘം



**ജെസ്റ്റി മരിയ തോമസ്**

ഇരുണ്ടുകൂടിയ കർമേഘങ്ങൾ
പ്രകൃതിമുഴുവൻ ഇരുളായ് മാറി
മേഘങ്ങൾ ഇരുളായിയലിയും
ഒന്നുപൊട്ടികരഞ്ഞാൽ
പ്രകൃതിമുഴുവൻ ഉണർവിൻ
നീർത്തു ള്ളികളായ് മാറും
പ്രകൃതിയുടെ ജാലകങ്ങൾ
തുറന്നുകാട്ടുന്നൊരു നിമിഷം
വന്നുചെരുന്ന
മേഘങ്ങളെ നിങ്ങൾ
മനംതുറക്കുക പ്രകൃതിതൻ
സ്നേഹത്തെപുണരുക
കർമേഘങ്ങളെ മായല്ലെ
എൻ കൺമുൻപിൽനിന്നും

# പുലരി



- അലീന എലിസബത്ത് സജി

രാവിലെ ഉണർന്ന് കതക് തുറന്ന്പുറത്തേക്ക് ഞാൻ നോക്കി.നല്ലതണുത്ത കാറ്റ് . പക്ഷികളുടെ കളകളശബ്ദം .കുറച്ചുസമയം പിന്നിട്ടപ്പോൾചുറ്റുപാടുമുഴുവൻ സൂര്യൻ ഇളം ചുവപ്പ്നിറം വ-ർഷിച്ചിരിക്കുന്നു.മുറ്റം നിറയെപൂക്കൾ വിടർന്ന് നിൽക്കുന്നു.പുല്ലിലെചിലന്തിവലകളിൽമഞ്ഞുത്തുള്ളികൾ.മരങ്ങളു ടെപഴുതുകളിലൂടെ സൂര്യരശ്മികൾഎല്ലായിടത്തും പരക്കുന്നു. എന്തു മനോഹരമാണ് പുലരി

# പഴഞ്ചൊല്ലുകൾ

1.അകത്തു കത്തിയും
പുറത്തു പത്തിയും

2.അകലത്തെ ബന്ധുവിനേക്കാൾ
അരികത്തെ ശത്രു നല്ലത്

3.അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല

4.അങ്ങാടിയിൽ തോറ്റതിന് അമ്മയോട്

5.അച്ഛൻ ആന കേറിയാൽ മകന്
തഴമ്പുണ്ടാകുമോ

6.അച്ചിക്ക് കൊഞ്ചു പക്ഷം
നായർക്ക് ഇഞ്ചി പക്ഷം

# പ്രകൃതിസ്നേഹിതൻ



**സോന മരിയ സിൻസൺ**

രവീന്ദ്രനാഥ് ടാഗോറിൻെറ വൃക്ഷത്തെ സ്നേഹിക്കുന്ന ബാലൻ എന്ന ചെറുകഥയാണ് ഞാൻ  വായിച്ചത്.എനിക്ക് ഈ കഥ ഒരുപാട് ഇഷ്ടപ്പെട്ടു.വൃക്ഷത്തെ എങ്ങനെ സ്നേഹിക്കാം എന്നതിൻെറ വലിയൊരു മാതൃകയാണ് ഈ കഥയിലെ പ്രധാന കഥാപാത്രമായബാലചന്ദ്രൻ.ഒരു വൃക്ഷം വളർന്ന് വരുമ്പോൾ ആരും അതിനെ ശ്രദ്ധിക്കാറില്ല.വെള്ളം ഒഴിക്കാതെ പിന്നെ അത് ഉണങ്ങി പോകും അങ്ങനെ എത്ര മരം നശിക്കുന്നു. ഒരു ചെടി മുളച്ചുവന്നപ്പോൾ തന്നെ ഈ ബാലൻ വല്ല്യചഛനോട് ചോദിച്ചു. ഈമരത്തിന്റെ പേരെന്താണ്. അത് ഒരു ഇലഞ്ഞിമരമായിരുന്നു. അവൻ അതിനെ ശ്രദ്ധിച്ച് വെള്ളമെല്ലാം ഒഴിച്ച് വളർത്തി. അത് വളരെ വേഗത്തിൽ വളർന്നു പൊങ്ങി. അവൻ ആ മരത്തെ സ്നേഹിച്ചു. തന്റെ

കൂട്ടുകാരനാക്കി. ഒരു ദിവസം വല്ല്യച്ചഛൻ അവനോടു

പറഞ്ഞു. ഇതു വെട്ടിക്കളയാം എന്ന് .അതുകേട്ടപ്പോൾഅവൻ

ഞെട്ടിപ്പോയി .അവൻ വേണ്ട എന്ന് പറഞ്ഞു.

ഇപ്പോൾ ഇതൊന്നും ആരും ചെയ്യാറില്ല. ഈസ്നേഹത്തേയാണ്

ഞാൻ ഇഷ്ടപ്പെടുന്നത്.



# ഒരു കാറ്റ് വീശുമ്പോൾ



**അക്ഷര അനിൽകുമാർ**

ഒരു കാറ്റ് വീശുമ്പോൾ വസന്തകാലത്തിൽ
പൂവിന്റെ ഭംഗി നിറഞ്ഞ് നിൽക്കും
ചുവന്ന ചുവപ്പുള്ള പൂവിന്റെ ഭംഗി,
മനസ്സിനെ മയക്കിടുന്നു
പൂവിന്റെ തേൻകൊണ്ട് ദാഹം
അകറ്റാൻ, ചിത്രശലഭങ്ങൾ വന്നിടുന്നു.
മാവേലി മന്നനെ വരവേൽക്കാൻ ഞാനിതാ
പൂക്കളെ തേടി നടന്നിടുന്നു, തേടി നടന്നു
ശേഖരിച്ച പൂക്കൾ ഞാൻ പൂക്കളം ഇട്ടു വര-
വേൽക്കുന്നു. എത്ര സുന്ദരമാണീവസന്തം
ഇന്നുമീ വസന്തം നിന്നിരുന്നെങ്കിൽ

# അവഗണിക്കപ്പെടുന്ന വാർധക്യം



**കൃഷ്ണപ്രിയ സജി**

മാതാപിതാക്കളെഭാരമായിക്കണ്ട്അവരെഉപേക്ഷിക്കുന്ന ഒരു തലമുറയെയാണ് ഇന്ന്കാണാൻസാധിക്കുന്നത്.വാർധക്യത്തെ വെറുക്കുന്ന ഒരു പുത്തൻ തലമുറയാണ് വളർന്നുവരുന്നത് .ഇന്ന് ശാസ്ത്രം വളർന്നിരിക്കുകയാണ് .അതോടൊപ്പംമനുഷ്യന്അതിനു വേണ്ടിചെയ്യേണ്ടതുമായിട്ടുള്ളകാര്യങ്ങളുംവർധിച്ചു.

ഇതിനിടയിൽ തന്റെ മാതാപിതാക്കളെ അവർക്ക്നോക്കാൻ സമയം ലഭിക്കാത്തതും അവരെഭാരമായി കാണാത്തതും ചെറുപ്പകാലത്ത് നമ്മെ“കാക്കയ്ക്ക് തൻ കുഞ്ഞ് പൊൻ കുഞ്ഞ് " എന്നരീതിയിൽ വളർത്തിയ മാതാപിതാക്കളെ മക്കൾ

ഉപേക്ഷിക്കുന്നു.നല്ല വിദ്യാഭ്യാസം ലഭിക്കുമ്പോഴേ കുട്ടികൾ-
ക്ക് ശരിയും തെറ്റും വിവേചിച്ചറിയാൻസാധിക്കു.യന്ത്രം പോലെ
പഠിക്കുന്നതുകൊണ്ടാണ് ഇത്തരംകോലാഹലങ്ങൾ സമൂഹത്തിൽ
ഉണ്ടാകുന്നത് . മറിച്ച്അനുഭവങ്ങളിലൂടെ മൂല്യങ്ങൾ നേടി
വളരുമ്പോൾകടമകൾ സ്വയം നിർവഹിക്കും.മാതാപിതാക്കളെ
പരിപാലിക്കുന്നമക്കളാകാൻ നമുക്ക് സാധിക്കട്ടെ



# പ്രളയം



എയ്ഞ്ചൽ എൽസ സജി

മഹാമാരി പെയ്യുമ്പോൾ
എന്റെ മനസ്സ് എന്നും
പ്രളയകാലത്തേക്ക് ഓടിയെത്തും
മഴ പെയ്യുമ്പോൾ എന്നെ അലട്ടുന്ന
ഒരു ചിന്തയാണ് പ്രളയം
പ്രളയം ഒരു മഹാപ്രളയം
എത്രയോ പേർക്ക് ഈ ദുരന്തത്തിൽ നിന്ന്
കരകയറുവാൻ സാധിച്ചിട്ടില്ല.
ആർത്തിരമ്പിവന്ന വെള്ളപൊക്കവും
കടപുഴകി വന്ന വൻമരങ്ങളും
കാടുവെട്ടിയും മരം വെട്ടിയും
മനുഷ്യൻ പ്രകൃതിയെ
വേദനിപ്പിച്ചു............

-

# ശബ്ദങ്ങൾ തൻ ലോകം



**ആഗ്നസ് ജോണി**


അന്ധയും അനാഥയുമായ ഒരു കുട്ടിയുടെ സൗന്ദര്യാനുഭൂതികളെപ്പറ്റിയുള്ളതാണ്സാറാതോമസിന്റെ കുപ്പിവളകൾ എന്ന അതിമനോഹരമായകഥ.കണ്ണമ്മയുടെ ഇരുട്ടിൽ നിന്നുംവെളിച്ചത്തിലേക്കുള്ള വഴിയാണ് ഇവിടെവ്യക്തമാക്കുന്നത് . കണ്ണമ്മയാണ് ഇതിലെകേന്ദ്രകഥാപാത്രം.കണ്ണമ്മയുടെ ഒരു നല്ല സുഹൃത്തും ,അവൾഏറ്റവും അധികം ഇഷ്ടപ്പെട്ടവളുമായിരുന്നു ദേവുചേച്ചി.അതുപോലെ സിസ്റ്ററമ്മയും അവൾക്ക് വേണ്ടപ്പെട്ടതായിരുന്നു.കുപ്പിവളകൾ എന്നകഥയിൽ ഭിന്നശേഷിക്കാർ നേരിടുന്നഅവഗണനയെപ്പറ്റിയാണ് പറയുന്നത് . ഈ കഥയിൽകണ്ണമ്മയ്ക്ക് കാഴ്ച ശക്തിയില്ല.ഇതിൽ സിസ്റ്ററമ്മയെ നല്ലഒരു വ്യക്തിയായാണ് ചിത്രീകരിക്കുന്നത് . കണ്ണമ്മയ്ക്ക്


പരാജയത്തിൽ നിന്നും വിജയത്തിലേക്കുള്ള വഴിപറഞ്ഞ് കൊടുക്കുന്നത് സിസ്റ്ററമ്മയാണ് . ആരെങ്കിലുംഎന്തെങ്കിലും തന്നാൽ അത് സന്തോഷത്തോടെവാങ്ങണം എന്ന

സിസ്റ്ററമ്മയുടെവാക്ക് ഈ കഥയിൽഹൃദ്യമായി പരാമർശിക്കുന്നു. അങ്ങനെ കുറെയധികംപാഠങ്ങളുള്ള നല്ലൊരു കഥയാണ് കുപ്പിവളകൾ.



റിയാമോൾ പി .എസ്





# തെറ്റിനു കിട്ടേണ്ട ശിക്ഷ



അതുല്യ അജിത്

മഹാവികൃതിയാണ് രാമു.അയൽക്കാർക്കും കൂട്ടുകാർക്കും രാമുവിനെക്കുറിച്ച് പരാതികളേയുള്ളൂ.ഒറ്റ മകനായതിനാൽ രാമുവിന്റെ അമ്മ അവനെ വഴക്കുപറയാറുമില്ല.പരാതിയുമായി ആരുവന്നാലും രാമുവിന്റെ മുന്നിൽവെച്ചുതന്നെ അമ്മ നാണംകെടുത്തിവിടും.അൽപമെങ്കിലും രാമുവിനു പേടി അച്ഛനെ മാത്രമാണ് . എപ്പോഴും അച്ഛന്റെ കൈയിൽനിന്ന് അമ്മ അവനെ രക്ഷിച്ചുകൊള്ളും എന്ന ഉറപ്പ് രാമുവിനുണ്ട് . ഓരോ ദിവസം ചെല്ലുന്തോറും രാമുവിന്റെ വഷളത്തരങ്ങൾ കൂടുകയാണ് . അങ്ങനെയിരിക്കെ ഒരു ദിവസം രാമുവിന്റെ കണ്ണുപതിഞ്ഞത് പള്ളിയുടെ പുറത്തെ ഭണ്ഡാരത്തിലാണ് . ഭണ്ഡാരം കുത്തിതുറന്ന് പൈസ കൈയിട്ടുവാരുന്നത് പള്ളിക്കാര്യസ്ഥൻ കണ്ടു. രാമുവിനെ തൊണ്ടിസഹിതം അച്ഛന്റെ മുന്നിലെത്തിച്ചു.സംഭവമറിഞ്ഞ്

നാട്ടുകാർക്കുടി.അച്ഛന്റെ മാനം പോയി.കലിതുള്ളി വീട്ടിലെത്തിയ അച്ഛൻ രാമുവിനെ തല്ലാനാഞ്ഞു.പതിവുപോലെ തടസ്സം നിൽക്കാനെത്തിയ അമ്മയ്ക്കും തല്ലുകിട്ടി.രാമു ചെയ്ത തെറ്റിന്റെ വലുപ്പം മനസ്സിലാക്കിയ അമ്മ്യ്ക്ക് തന്റെ രീതികൾ തെറ്റാണെന്ന്ബോധ്യമായി. അന്നു മുതൽ തെറ്റുകണ്ടാൽ രാമുവിനെ അമ്മശിക്ഷിക്കും.അങ്ങനെ രാമു നല്ല കുട്ടിയായി.



# എന്റെ വിദ്യാലയം



നിമിഷ സാൻസ്

അറിവിന്റെ നിധിയായി മാറുവാൻ എന്നെ

മാടി വിളിക്കുന്ന വിദ്യാലയം.

മാതൃഭാഷയുടെ പാഠങ്ങൾ ഓരോന്നായി

അഭ്യസിച്ചു തന്ന വിദ്യാലയം.

കളികളും വിദ്യ അഭ്യസിച്ചു തന്ന

വിദ്യാലയം എന്റെ കൂട്ടുകാരൻ

ലോകത്തെ അറിയിച്ച അറിവിന്റെ

നിധിയായി മാറ്റിയെടുത്തെന്റെ വിദ്യാലയം.

ആ വാത്സ്യല്യവും സ്നേഹവും നീതിയും

എൻ മനസില് വിതച്ചക്കാലം

എന്നും ഓർമിക്കുന്നു ഞാൻ.....

# ചന്ദ്രഗ്രഹണം



**-എയ്ഞ്ചൽ മരിയ തോമസ്**

ബ്ലൂ മൂൺ, ബ്ലഡ് മൂൺ, സൂപ്പർ മൂൺ, ഇവ മൂന്നും അപൂർവ പ്രതിഭാസങ്ങളല്ലേ. പക്ഷേ, ഇവ മൂന്നും കുടി ഒരുമിച്ചുവരുന്നത് അത്ത്യപൂർ-വമാണ്.ഇതിനുമുമ്പ് ഇങ്ങനെഒരുമിച്ച് വന്നത് 1866 മാർച്ച് 31 നാണ് . ഇങ്ങനെഒരുമിച്ച് വരുന്നതിന് ചന്ദ്രഗ്രഹണം എന്നു പറയുന്നു.150 വർഷങ്ങൾ കൂടുമ്പോഴാണ് ഇവ ഒരുമിച്ച് വരുന്നത്പൂർണചന്ദ്രഗ്രഹണ ദിവസം ചന്ദ്രനെ ഓറഞ്ച് കലർ-ന്നചുവപ്പ്നിറത്തിൽകാണുന്നു.ഇതാണ്ബ്ലഡ്മൂൺ.ചന്ദ്രഗ്രഹണ സമയത്തുംസൂര്യപ്രകാശംഭ്രമിയുടെഅന്തരീക്ഷത്തിലൂടെകടന്നുപ

ോ-കും.

അന്തരീക്ഷത്തിലുവച്ച്അപവര്ത്തനംസംഭവിക്കുന്നഇവയിൽ തരംഗദൈർഘ്യട്ടങ്ങൾ കുടുതലുള്ള ചുവപ്പ്,ഓറഞ്ചുരശ്മികൾ മാത്രം ചന്ദ്രനിലെത്തും. മറ്റു വർണ്ണ രശ്മികൾവായുവിൽ വിസരണം

നടന്ന് നഷ്ട്ടപ്പെടും. ഒരുമാസത്തിൽ കാണുന്ന രണ്ടാമത്തെ പൂർണചന്ദ്രന്റഅലങ്കാരികപേരാണ്ബ്ലൂൺ.ചന്ദ്രന്റപ്രകാശിതഭാഗം മുഴുവനും ഭൂമിക്ക് അഭിമുഖമായിവരുന്ന ദിവസമാണ്പൗർണമി. പൗർണമി നാളിലേചന്ദ്രഗ്രഹണം ഉണ്ടാവൂ. ഒരു പ്രകാശസ്രോതസിന്മുന്നിൽ വരുന്ന ഏതൊരു അതാര്യ വസ്തുവും നിഴൽസൃഷ്ടിക്കുന്നു.ഇതാണ്ഗ്രഹണത്തിന്റെഅടിസ്ഥാനം. ഒരു അകാശഗോളത്തിൻറ നിഴൽമറ്റൊരു ഗ്രഹണത്തിൽ വീണാൽ ഗ്രഹണമായി.സൂര്യഗ്രഹണം എന്നു പറഞ്ഞാൽ സൂര്യനും ഭൂമിക്കുംഇടയിൽ ചന്ദ്രൻ വരുമ്പോൾ സൂര്യപ്രകാശം ഭൂമിയിൽ വീഴാതെ ചന്ദ്രൻ മറയ്ക്കുന്നു.....



# ഉയരങ്ങളിലേക്ക് ...



അലീന മോൾ വിൻസൻ

ഒരുനാൾ ഉയരങ്ങളിലേക്ക്
സഞ്ചരിക്കാൻ ഞാൻ ഒരു-
ക്കമായി വിദൂരതയിൽനിന്നും
വർണ്ണങ്ങൾ ചാലിച്ചലോക-
ത്തിലേക്ക് സഞ്ചരിക്കാൻ ഞാൻ ഒരുക്കമായി
പഠിപ്പിച്ചപാഠങ്ങളിലൂടെ
മാതാപിതാഗുരു പകർന്നു
തന്ന നന്മകളിലൂടെ ദൈവ-
ത്തിൻ അനുഗ്രഹത്തിലൂടെ ഉയരങ്ങളിലേക്ക് കു-
തിക്കാൻ ഞാൻ ഒരുക്കമായി.
അപ്പോഴും ഓർക്കുക ജീവിത-
പാഠങ്ങൾ പകർന്നുതന്ന മാതാപിതാ
ക്കൾ മനസ്സിൽനിന്നു മായാതിരി-
ക്കുവാൻ ഒരുനിമിഷംമതി
അതണഞ്ഞുപോകുവാൻ അതു-
ണ്ടാവാതിരിക്കാൻ പ്രാർത്ഥന മാത്രം......

# പ്രകൃതി തന്ന അനുഭവം



*റിയജോസ്*

ഒരിക്കൽ വീടിന്റെ വരാന്തയിൽ ഇരിക്കുകയായിരുന്നു.പെട്ടന്നായിയുന്നു കാറ്റും മഴയും. മഴ ശക്തമായപ്പോൾവീടിന്റെ അകത്ത് പ്രവേശിച്ചു.ഞാൻ കണ്ട കാഴ്ചകൾവളരെ മനോഹരമായിരുന്നു.മഴയിൽ കുളിച്ച് നിൽക്കുന്ന മരം. ആ മരത്തിന്റെ ശിഖരത്തിനു മുകളിലായിവെള്ളം താഴേയ്ക്ക് ഒഴുകി ഇറങ്ങുന്നു. ആ മരംകുലുക്കിയപ്പോൾ നല്ല ഭംഗിയായിരുന്നു.പുല്ലുംകല്ലുമെല്ലാം നനഞ്ഞ് ഇരിക്കുന്നു. ആ മഴ കഴിഞ്ഞ്പ്രകൃതി കാണാൻ നല്ല ഭംഗിയായിരുന്നു .പിന്നിട്ഒരിക്കൽ കാറ്റ് വീശി. തെങ്ങുകൾ ആടി ഉലയുന്നു.നല്ലതണുത്ത കാറ്റ് . മനോഹരമായ പ്രകൃതിയിൽ ആരെയുംആകർഷിക്കുന്ന വിധത്തിലുള്ള റബ്ബർ മരങ്ങളുടെആഞ്ഞടിക്കൽ.നനഞ്ഞ ഇലകളിൽ നിന്ന് വെള്ളംതെറിക്കുന്നു. ആ കാഴ്ച എന്നെ വല്ലാതെ ആകർഷിച്ചു.

# പ്രതീക്ഷ



ഹന്ന തോമസ്-

അലയുന്ന കാറ്റായ്
ഒഴുകുന്ന പുഴയായ്
പാടുന്ന സംഗീതമായ്
മാറുമോ എന്റെ പ്രതീക്ഷ.
അതോ ചിറകടിച്ചുവാനിൽ
പറന്നുനടക്കുന്ന കിളികളേ-
പ്പോലെയാകുമോ എന്റെപ്രതീക്ഷകൾ.
എന്റെ പ്രതീക്ഷകൾ
വലുതാണെന്നു ഞാൻ
അറിയുന്നു അതൊരുപക്ഷെ നിലക്കുമോ
എന്നെനിക്കറിഞ്ഞുകൂടാ.
ഞാൻ പോകുന്നു എവിടെ -
യെന്നറിയാതെ ഞാന-
ലയുന്നു എൻ നൂറു നൂറു
പ്രതീക്ഷകൾ മാത്രം.

റിയ മോൾ പി. എസ്



# ആകാശത്തിലൂടെ ഒരു സഞ്ചാരം



ജൂണാ തോമസുകുട്ടി

ജനാലകൾക്കിടയിലൂടെ ഞാൻ കണ്ടുവരിവരിയായി എത്തുന്ന മഴത്തുള്ളികൾ..........അവയുടെ സൗന്ദര്യം ഞാൻ കൺചിമ്മാതെആസ്വദിച്ച കൊണ്ടിരുന്നപ്പോഴാണ് പെട്ടെന്ന് എന്നെ നടുക്കിയ ഭീകരമായ ഒരു ശബ്ദം ഞാൻകേട്ടത് ...വലിയദേഷ്യത്തോടെ,തന്റെ സർവശക്തിയും സംഹരിച്ചകൊണ്ടായിരുന്ന ആ ഭീമൻ ഇടിയുടെ വരവ്...മഴയുടെ സൗന്ദര്യം ആവോളം ആസ്വദിച്ചകൊണ്ടിരുന്ന ഞാൻ പെട്ടെന്നുണ്ടായഇടിമുഴക്കത്തിൽ പതറി പോയി. അപ്പോഴേക്കും എന്റെദ്രഷ്ടി മഴയിൽ നിന്ന് മാറി ഇടിയിലേക്ക് പാഞ്ഞു ,ഞാൻ ആകാശത്തേക്ക് നോക്കി ,വെള്ളപൂതച്ച മേഘങ്ങൾ-ക്കിടയിലൂടെ രണ്ട് കറുത്ത് ,ഇരുണ്ട കാർമേഘങ്ങൾ പാഞ്ഞുവരുന്ന .... എങ്ങനെയാവും ഇവയ്ക്കിത്ര വേഗതഎന്റെ ദ്രഷ്ടി


മഴയിൽ നിന്ന് മാറി ഇടിയിലേക്ക് പാഞ്ഞു, ,ഞാൻ ആകാശത്തേക്ക്നോക്കി ,വെള്ളപൂതച്ച മേഘലങ്ങൾക്കിടയിലൂടെ രണ്ട്കറുത്ത് ,ഇരുണ്ട കാർമേഘങ്ങൾ പാഞ്ഞുവരുന്ന ....

എങ്ങനെയാവും ഇവയ്ക്കിത്ര വേഗത ലഭിച്ചത് ? ഞാൻചിന്തിച്ച നിന്നു..അത് തമ്മിൽ തമ്മിൽകൂട്ടിമുട്ടുന്നതിനിടയിൽ ഒരു വെളിച്ചം അതിനിടയിലൂടെമിന്നലായി എന്റെ കണ്ണുകളിൽ വന്നു പതിച്ചു.. തികച്ചുംവ്യത്യസ്തമായിരുന്ന ഒരു അനുഭവമായിരുന്നു അത്...മറഞ്ഞിരിക്കുന്ന സൗന്ദര്യത്തെതേടി നമുക്ക് അന്വഷിക്കാം........

-



# മഴവില്ല്



- ജൂണ തോമസുകുട്ടി


വർണ്ണപ്പൊലിമ ചാലിച്ചംബര-
ത്തിന്റെയന്തരംഗാന്തരത്തിലർദ്ധ-
വൃത്താകൃതിയിൽ ദൃശ്യനാകുന്ന
നിന്നിൽ നിന്ന് ദൃഷ്ടിപായിക്കുകസാധ്യം
മായാജാലവിദ്യ കാട്ടീടും മാന്ത്രികനാണ
നീ ,ഭീകരമാം ഇടിമുഴക്കമയച്ചെന്നെ
ഭീതിയിലാഴ് ത്തിയിട്ട് , നിറക്കൂട്ട്
കാട്ടിയെന്നെ മയക്കിയില്ലേ.......
നിന്നെക്കാണുമ്പോളെൻ മനതാരിൽ
മിന്നിമറയുന്ന വർണശകലങ്ങളേകുന്നു
എൻ വദനത്തിന് പൊൻപ്രഭ.........

# നിലാവ്




**അലീഷ ജോമോൻ**

മാഞ്ഞുപോയി ഏതോ ഒരു നിലാവ്
എൻ സ്വപ്നങ്ങളിൽ ഉണരും പൂനിലാവ്
എൻ മനസ്സിൽ നീ തന്ന വെളിച്ചം ഇന്നും പകരുന്നു..
നിൻ ള്ളവെളിച്ചത്തിൽ  ഞാൻ പുളകിതനാകുന്നു
നിൻ പുഞ്ചിരിയായൊരു പൂനിലാവേറ്റ്
എൻ ചിത്തം ആമ്പൽ പോലെ ഉണരുന്നു..
നിൻ വെളിച്ചത്തിൽ അരയന്നങ്ങൾ നീന്തിത്തു -
ടിക്കുന്നു. നിലാപക്ഷി പാറിക്കളിക്കുന്നു..
നീയെൻ ഉള്ളിൽ വർണ്ണമായി ശോഭയായി
ഉദിച്ചുനിൽക്കുന്നു നിന്നെ തേടി  ഞാൻ
ഇതാ എത്തുന്നു........



# കണ്ണീരിൽ നനഞ്ഞ ജീവിതം



സോന ബിനു

എൻ ജീവിതം ഒഴുകുന്ന
പുഴപോലെയായ് ഒരിക്കലും
പ്രതീക്ഷിക്കാതെ ഒരു
ദുരന്തമ്മെന്നെ തേടിയെത്തി
കണ്ചിമുന്നതിനുമുൻപേ
എന് മനം തകര്ത്തുവീഴ്ത്തി.

നിറഞ്ഞ കണ്ണീരോടെ ഞാനും
എവിടെയോ നിൽക്കയായ്
എന് മിഴികളിൽ നിന്നും
വേര്പാടിൻ കണ്ണുനീര്
തുള്ളികൾവീണു.

എൻ മനം അലയടിച്ചു-
ലയുന്ന കാറ്റിൻ നാദമായ്ഞാൻ ജ്വലിക്കുന്ന
അഗ്നിയായ് മാറി എൻ മനസ്സിൻ
നിശബ്ദമാം ഉള്ത്തടത്തിൽ...

# കവിത



അലീന എലിസബത്ത്

കവിതയെന്നാൽ
ഭാവനയാകുമൊരു കിളിയെ
കടലാസാകുന്ന കൂട്ടിൽ തളച്ചിട്ടു-
ന്നതിന്റെ സൗന്ദര്യം.

# പരിഷ്ക്കാരം

പരിഷ്ക്കാരം എന്നാൽ
വെറുമൊരാവിഷ്ക്കാരം
എന്തിനെന്നോ ഏതിനെന്നോ
അറിയാത്ത പ്രകടമായൊരാവിഷ്ക്കാരം.

# പ്രകൃതി

പ്രകൃതി എന്നാൽ കൃതി
ഈ ദൈവത്തിൻ വികൃതി
മനുഷ്യരുടെ ജീവന സംസ്കൃതി
ഇന്നോ പ്രകൃതിയുടെ അറുതി

# നന്ദി